**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 579** **10-02-2025 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റാർട്ടപ്പ് മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ മേഖലയിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖാന്തിരം എത്ര സ്റ്റാർട്ടപ്പുകൾ ആരംഭിക്കാനായിട്ടുണ്ടെന്നും ഇതുവഴി പുതിയതായി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വ്യവസായ മേഖലയിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖാന്തിരം 4303 സ്റ്റാർട്ടപ്പുകൾ ആരംഭിക്കുകയും അതിലൂടെ 40000-ത്തിൽ പരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എന്തെല്ലാം സഹായങ്ങളാണ് സ്റ്റാർട്ടപ്പ് മിഷൻ മുഖാന്തിരം പുതിയ സ്റ്റാർട്ടപ്പുകൾക്ക് നൽകി വരുന്നത് വിശദമാക്കാമോ; | (ബി) | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്റ്റാർട്ടപ്പുകൾ തുടങ്ങുവാനായി ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകൾ (ഐ.ഇ.ഡി.സി) പ്രവർത്തിക്കുന്നു.<br><br>എം.ഐ.ടി-യുടെ (Massachsetts Institute of Technology) സെന്റർ ഫോർ ബിറ്റ്സ് ആൻഡ് ആറ്റംസ് സ്ഥാപിച്ച ഇന്ത്യയിലെ ആദ്യത്തെ സൂപ്പർ ഫാബ് ലാബ് ഉൾപ്പെടെ 22 മിനി ഫാബ് ലാബുകൾ പ്രവർത്തിക്കുന്ന രാജ്യത്തെ ഏറ്റവും ഊർജ്ജസ്വലമായ മേക്കർ കമ്മ്യൂണിറ്റികളിലൊന്നായി കേരളം അറിയപ്പെടുന്നു. സ്റ്റാർട്ടപ്പുകൾക്കു പ്രോട്ടോടൈപിങ് ചെയ്യുന്നതിനായിട്ടുള്ള സൗകര്യം കൊച്ചിയിലുള്ള കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സിൽ ലഭ്യമാണ്.<br><br>നൂതന ആശയങ്ങൾ നിർമിക്കുന്നതിനും ബിസിനസ്സ്വത്കരിക്കുന്നതിനുമായി കേരള സ്റ്റാർട്ടപ്പ് മിഷൻ 15 ലക്ഷം രൂപ വരെ ഇന്നൊവേഷൻ ഗ്രാന്റ് ആയി ധനസഹായം നൽകുന്നുണ്ട്. കൂടാതെ റിസർച്ച് ഗ്രാന്റ്സ്, പേറ്റന്റ് തിരിച്ചടവ് സഹായം, വാടക സബ്സിഡി, സാങ്കേതിക കൈമാറ്റ സഹായങ്ങൾ എന്നിവ സ്റ്റാർട്ടപ്പിന്റെ വിവിധ ഘട്ടങ്ങളിൽ നൽകി വരുന്നു. ടെക്നോളജി സ്റ്റാർട്ടപ്പുകൾക്ക് 25 ലക്ഷം രൂപ വരെ ഈടില്ലാത്ത സീഡ് ലോണുകളും നൽകുന്നു. സ്റ്റാർട്ടപ്പ് ഇന്ത്യ പദ്ധതി മുഖേനയുള്ള സ്കീമിൽ 50 ലക്ഷം രൂപ വരെയുള്ള ധനസഹായം |

| | | | |
|---|---|---|---|
| | | | സ്റ്റാർട്ടപ്പുകൾക്കു നല്കുന്നുണ്ട്. സ്റ്റാർട്ടപ്പുകളിൽ നിക്ഷേപാവസരങ്ങൾ തുറന്നുകൊടുക്കുന്നതിനായി SEBI AIF-മായി കൂടിച്ചേർന്നു കേരള സ്റ്റാർട്ടപ്പ് മിഷൻ 'ഫണ്ട് ഓഫ് ഫണ്ട്സ്' പദ്ധതിയും നടപ്പിലാക്കി വരുന്നതിനാൽ സ്റ്റാർട്ടപ്പുകൾക്കു ഓഹരി അധിഷ്ഠിത ബാഹ്യനിക്ഷേപങ്ങളും ലഭിക്കുന്നു.<br><br>സ്റ്റാർട്ടപ്പുകളിൽ നിന്നും ഉൽപന്നങ്ങളും സേവനങ്ങളും സർക്കാർ വകുപ്പുകൾക്ക് നേരിട്ട് വാങ്ങുന്നതിനുള്ള ഡയറക്ട് പ്രൊക്യൂർമെന്റ് പദ്ധതി നടപ്പിലാക്കിവരുന്നു.<br><br>കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് വിദേശവിപണിയിലേക്കുള്ള പ്രവേശനം സുഗമമാക്കുന്നതിന് തുടങ്ങിയ പദ്ധതിയാണ് സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി കേന്ദ്രങ്ങൾ. അന്താരാഷ്ട്ര തലത്തിൽ സ്റ്റാർട്ടപ്പുകൾക്ക് ബിസിനസ്സ്, നിക്ഷേപ അവസരങ്ങൾ എന്നിവ നേടിക്കൊടുക്കുന്നതിന് നടത്തിവരുന്ന പദ്ധതിയാണ് ഇന്റർനാഷണൽ എക്സ്പോഷർ പ്രോഗ്രാം. ഇതോടൊപ്പം വനിത, ഭിന്നശേഷി, മറ്റ് പാർശ്വവൽകൃത സമൂഹങ്ങളിൽ സ്റ്റാർട്ടപ്പ് സമൂഹങ്ങളിൽ സ്റ്റാർട്ടപ്പ് സംസ്കാരം വളർത്തുന്നതിനുള്ള പ്രത്യേക പദ്ധതികളും നടപ്പിലാക്കി വരുന്നു.<br><br>ലോകോത്തര നിലവാരത്തിൽ കോ-വർക്കിംഗ് പ്ലഗ് ആൻഡ് പ്ലേ സംവിധാനം കേരളത്തിൽ പത്ത് ലക്ഷം ചതുരശ്രയടിയിലായി സ്റ്റാർട്ടപ്പുകൾക്ക് നൽകി വരുന്നു. കൊച്ചിയിൽ പ്രവർത്തിക്കുന്ന അത്യാധുനിക ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന കേരള ടെക്നോളജി ഇന്നവേഷൻ സോണിൽ മാത്രം 1.8 ലക്ഷം ചതുരശ്രയടി ഇൻക്യുബേഷൻ സ്പെയ്സ് പ്രദാനം ചെയ്യുന്നു.<br><br>കേരളത്തിന്റെ സ്റ്റാർട്ടപ്പ് മേഖലയെ ഉന്നതിയിലേക്ക് എത്തിക്കുക, പുതിയ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഉൽപ്പന്നങ്ങളും സേവനങ്ങളും വൻതോതിൽ ലഭ്യമാക്കുന്ന ആഗോള കേന്ദ്രമാക്കി കേരളത്തെ മാറ്റുക എന്നീ ലക്ഷ്യങ്ങളോടെ നടത്തുന്ന ഹഡിൽ ഗ്ലോബൽ ഉച്ചകോടി പോലുള്ള പരിപാടികൾ സ്റ്റാർട്ടപ്പുകൾക്ക് ഏറെ ഗുണകരമാണ്. |
| (സി) | പുതിയതായി എന്തെങ്കിലും പദ്ധതികൾ ഈ മേഖലയിൽ വിഭാവനം ചെയ്യുന്നുണ്ടോ; വിശദമാക്കാമോ? | (സി) | **<u>ഫ്രീഡം സ്ക്വയർ</u>**<br><br>വിവിധ കലാലയങ്ങളിലെ നൂതന ആശയങ്ങളിന്മേൽ പര്യവേഷണം ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ഒരുമിച്ച് അതിനൂതനമായ ആശയങ്ങളിൽ കൂടുതൽ പര്യവേഷണം ചെയ്യുവാനുള്ള സൗകര്യങ്ങൾ ഒരേ കുടക്കീഴിൽ ഒരുക്കുന്ന ഒരു കേന്ദ്രമാണ് ഫ്രീഡം |

| | | | |
|---|---|---|---|
| | | | സ്ക്വയർ. ഇത്തരം കേന്ദ്രങ്ങളിൽ ഇന്നവേറ്റർമാർക്ക് പ്രോട്ടോടൈപ്പുകൾ വികസിപ്പിക്കുവാനുള്ള അതിനൂതനമായ സൗകര്യങ്ങളും ഉൾപ്പെടുത്തിക്കൊണ്ടാണ് ഫ്രീഡം സ്ക്വയർ നിർമ്മിക്കുന്നത്.<br><br>**സ്റ്റാർട്ടപ്പ് പോഡ്സ്:**<br><br>കേരളത്തിന്റെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സ്റ്റാർട്ടപ്പ് മിഷൻ തുടങ്ങുന്ന കോ-വർക്കിംഗ് സെന്ററുകളാണ് സ്റ്റാർട്ടപ്പ് പോഡ്. സംരംഭകരെ ടൂറിസം കേന്ദ്രങ്ങളിലേക്ക് ആകർഷിക്കുന്നതിനും അതിനോടൊപ്പം അവർക്ക് ലോകോത്തര നിലവാരത്തിലുള്ള തൊഴിലിടങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ